പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 952

12.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു.പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിനുള്ള ഡി.ജി.സി.എ.യുടെ അംഗീകാരമായ എൻ. എസ്. ഒ.പി. (നോൺ ഷെഡ്യൂൾഡ് ഓപ്പറേറ്റേഴ്സ് പെർമിറ്റ് ) ആദ്യ സർവ്വീസ് നടത്തിയ കൈരളി ഏവിയേഷൻസും പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരഭത്തിന് ലഭിച്ചിട്ടുണ്ട്. |
| ബി) സീപ്ലെയിൻ പരിസ്ഥിതി മലിനീകരണവും ജലമലിനീകരണവുമുണ്ടാക്കുന്നില്ലെന്നും മത്സ്യബന്ധനം നടത്തുന്നതിന് വിഘാതമല്ല എന്നുമുള്ള പഠനറിപ്പോർട്ട് ലഭ്യമാക്കുമോ; | ബി) കേരള സീപ്ലെയിൻ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം സീപ്ലെയിനുകളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽ വെച്ച് മാത്രം നടത്തുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ ഇവ മൂലമുള്ള ജലമലിനീകരണം തീർത്തും ഇല്ല. ഇവ ജലത്തിൽ ഉണ്ടാക്കുന്ന ഓളങ്ങൾ കേരളത്തിൽ സർവ്വ സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ, സ്പീഡ് ബോട്ടുകൾ എന്നിവ വഴി ഉണ്ടാകുന്നവയേക്കാൾ താരതമ്യേന കുറവാണ്. കൂടാതെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താത്തതിനാൽ ഇവയും പരിസ്ഥിതിയെ ബാധിക്കുന്നില്ല. ടോയിലറ്റ്, ഭക്ഷണ സൗകര്യം ഇവ ഇല്ലാത്തതിനാൽ ഒരു തരത്തിലുള്ള മാലിന്യങ്ങളും സീപ്ലെയിനുകളിൽ നിന്നും ജലത്തിലേക്ക് പുറന്തള്ളപ്പെടുന്നില്ല. കൂടാതെ യു.എസ്. ആർമി കോർപ്സ് ഓഫ് എഞ്ചിനീയേഴ്സിന്റെ (USACE) പഠനത്തിൽ വായു, ജലം, മണ്ണ്, എന്നിവയിലോ ജന്തുജാലങ്ങൾ, മത്സ്യജാലങ്ങൾ, ഹൈഡ്രോളജി എന്നിവയിലോ ഇവ പ്രത്യേകം ബാധിക്കുന്നില്ല എന്ന കണ്ടെത്തൽ പവൻ ഹാൻസിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡി.പി.ആർ. കെ.ടി.ഐ.എൽ ന്റെ വെബ് സൈറ്റിൽ (www.ktil.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിന് ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ ? | സി) കേരള സീപ്ലെയിൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ആകെ 11.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9.38 കോടി രൂപയുള്ള വിവിധ പ്രവൃത്തികൾ സർക്കാർ എംപാനൽഡ് ഏജൻസിയായ കിറ്റ്കോ വഴി ടെൻഡർ മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പ്രവൃത്തികളുടെ അവസാന ബില്ലുകൾ തയ്യാറായി വരികയാണ്. അന്തിമ കണക്ക് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ